# O.S.S.A.E.

## വാർഷിക പരീക്ഷ 2016

Class V | 04-12-2016, Sunday 11 AM to 1 PM | Marks 50

**ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക (1–5)** 5

1. മോശയുടെ മാതാവ്
   (യോഖേബേദ്, മിര്യാം, സാറാ)
2. അടിമത്വത്തിലിരുന്ന ജനത്തിന്റെ വിടുതലിന്റെ ഓർമ്മപ്പെരുന്നാൾ
   (പെസഹാ, പ്രതിഷ്ഠാ, പെന്തിക്കോസ്തി)
3. ഓർത്തഡോക്സ് സുറിയാനിസഭയുടെ യാമപ്രാർത്ഥനകൾ എത്ര?
   (6, 9, 7)
4. പൗലോസ് ശ്ലീഹാ എന്നു തുടങ്ങുന്ന ഗീതത്തിന്റെ ആശയം ഏതു വേദഭാഗത്തുനിന്ന്?
   (സങ്കീ. 52:3, ഗലാത്യ 1:8, വി. മത്തായി 7:12)
5. എവിടെവച്ചാണ് വിശ്വാസികൾക്ക് 'ക്രിസ്ത്യാനി' എന്നു പേരുണ്ടായത്?
   (അന്ത്യോഖ്യ, റോം, പലസ്തീൻ)

**പൂരിപ്പിക്കുക (6–10)** 5

6. വിക്കനായ മോശയ്ക്കുവേണ്ടി ഫറവോനോടു സംസാരിപ്പാൻ ദൈവം നിയോഗിച്ച വ്യക്തിയാണ് ..........................
7. ഇവൻ എന്റെ പ്രിയപുത്രൻ, ഇവന് ..........................
8. അവർക്ക് പകൽ തണലിനായി മേഘസ്തംഭവും രാത്രി വെളിച്ചത്തിനായി ............................ ഉണ്ടായിരുന്നു.
9. മോറാൻ എന്ന സുറിയാനിവാക്കിന് .................................. എന്നാണർത്ഥം.
10. ............................. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്തു ചെയ്യുന്നവരാണ്.

**ചേരുംപടി ചേർക്കുക (11–15)** 5

11. സംസ്കാരം – ഗീവർഗീസ് സഹദ
12. യൗസേഫ് – മത്തായിശ്ലീഹാ
13. ഡയക്ലീഷൻ ചക്രവർത്തി – നല്ല പെരുമാറ്റം
14. ഗിരിപ്രഭാഷണം – അഹറോൻ
15. മോശ – നീതിമാൻ

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (16–20)** 10

16. ആരാണ് പ്രവാചകന്മാർ?
17. പർവ്വതപ്രസംഗത്തിലെ ആദ്യ ഭാഗ്യവർണന എന്താണ്?
18. മലങ്കരസഭ മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമെന്നു പറയുന്ന സഞ്ചാരികൾ ആരെല്ലാം?
19. സഭയുടെ കൂട്ടായ്മ പൂർത്തിയാകുന്നത് എപ്പോഴാണ്?
20. വി. കുർബ്ബാനയിൽ നമ്മുടെ പങ്കാളിത്തം പൂർണമാകുന്നത് എപ്പോൾ?

**താഴെ പറയുന്ന വാചകങ്ങൾ ആരു പറഞ്ഞു എന്നെഴുതുക (21–25)** 5

21. "യഹോവ എന്റെ ഇടയനാകുന്നു."
22. "ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും."
23. "എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു."
24. "ഭയപ്പെടേണ്ട, ഉറച്ചുനിൽപ്പിൻ, ഇന്നു യഹോവ നിങ്ങൾക്കു ചെയ്വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ."

25. “ഗുരോ, നാം ഇവിടെ ആയിരിക്കുന്നത് നല്ലത്; ഞങ്ങൾ മൂന്നു കുടിലുകൾ ഉണ്ടാക്കട്ടെ, ഒന്നു നിനക്കും ഒന്നു മോശയ്ക്കും ഒന്ന് ഏലിയാവിനും.”

**തെറ്റോ ശരിയോ എന്നെഴുതുക (26–30)** 5

26. യഹൂദ മതപാരമ്പര്യത്തിൽ റബ്ബിമാർ അവരുടെ ശിഷ്യർക്ക് പ്രാർത്ഥന പഠിപ്പിച്ചുകൊടുക്കുമായിരുന്നു.
27. “പാപികളോടു കരുണ ചെയ്യുന്നവനേ...” എന്നു തുടങ്ങുന്ന പ്രാർത്ഥന സന്ധ്യാനമസ്കാരത്തോടൊപ്പമാണു ചൊല്ലുന്നത്.
28. പ്രഭാതനമസ്കാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രഭാതസ്തുതിയാണ്. “കർത്താവിന സ്തോത്രം ചെയ്യുവാനും” എന്നു തുടങ്ങുന്ന പ്രാർത്ഥന.
29. കർത്താവിനെ തറച്ച കുരിശു കണ്ടെടുത്തത് കുസ്തന്തീനോസ് ചക്രവർത്തിയുടെ അമ്മയായ ഹെലനിരാജ്ഞിയാണ്.
30. കൂദാശകളുടെ മർമ്മം ബുദ്ധിയിലൂടെയാണ് നാം ഗ്രഹിക്കേണ്ടത്.

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക (31–35)** 5

31. യേശു പഠിപ്പിച്ച കഥകൾക്കു പറയുന്ന മറ്റൊരു പേര്?
32. ദൈവം മോശയ്ക്ക് ഫറവോന്റെ മുൻപാകെ ചെയ്യുവാൻ കൊടുത്ത അടയാളങ്ങൾ എത്ര?
33. പാറയിൽനിന്നു വെള്ളം പുറപ്പെട്ട സ്ഥലത്തിന് എന്താണു പേര്?
34. സഭയുടെ ആരംഭത്തെക്കുറിച്ച് നമുക്ക് അറിവു നൽകുന്ന വേദഭാഗം ഏത്?
35. ഹെസഹ എന്ന വാക്കിന്റെ അർത്ഥം?

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (36–39)** 4

വിതയ്ക്കുന്നവൻ വിതപ്പാൻ പുറപ്പെട്ടു. വിതയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണു. പറവകൾ വന്ന് അതു തിന്നുകളഞ്ഞു. ചിലതു പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്ത സ്ഥലത്തു വീണു. മണ്ണിനു താഴ്ചയില്ലാത്തതിനാൽ ക്ഷണത്തിൽ മുളച്ചുവന്നു. സൂര്യൻ ഉദിച്ച്, ചൂടുതട്ടി, വേര് ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി. മറ്റുചിലതു മുള്ളിനടിയിൽ വീണു. മുള്ളു മുളച്ചുവളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റുചിലതു നല്ല നിലത്തു വീണു. നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു.

36. വിത്തു വിതച്ചപ്പോൾ എവിടെയെല്ലാമാണ് വീണത്?
37. വഴിയരികെ വീണ വിത്തിന് എന്തു സംഭവിച്ചു?
38. പാറസ്ഥലത്തു വീണ വിത്ത് ഉണങ്ങിപ്പോയത് എന്തുകൊണ്ട്?
39. നല്ല നിലത്തു വീണ വിത്ത് എങ്ങനെ ഫലം പുറപ്പെടുവിച്ചു?

**പ്രാർത്ഥന പൂരിപ്പിക്കുക** 3

കർത്താവേ നിന്റെ ജനത്തോടു ................................. കർത്താവേ ഞങ്ങൾ എല്ലാവരുടെയും .......................... മോചിക്കേണമെ. ....................... നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് ........................... ഞങ്ങളുടെ പാപരോഗങ്ങളെ സൗഖ്യമാക്കണമെ.

**ഗീതം പൂർണ്ണമാക്കുക** 3

40. കർത്താവരുളിച്ചെയ്തു, ഞാൻ ........................ അപ്പം
........................... പോഷിപ്പിപ്പാൻ ..................... വന്നു.
താതനയച്ചു ................................
കർഷകനെപ്പോൽ .............................. വിതച്ചു.
നല്ലനിലം തുല്യം .................................. കൈക്കൊണ്ടാളുദരേ